## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 7706** **23.7.2012 - ൽ**

**മറുപടി നൽകേണ്ടിയിരുന്നത്**

## പാട്ടക്കരാർ ലംഘനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ബാലൻ<br>" കെ.കെ ജയചന്ദ്രൻ<br>" പി. ശ്രീരാമകൃഷ്ണൻ<br>" പി.റ്റി. എ. റഹീം | ശ്രീ ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പാട്ടക്കരാർ ലംഘനം നടത്തിയ എസ്റ്റേറ്റ് ഉടമകൾക്കു വേണ്ടി വനം വകുപ്പിൽ സമ്മർദ്ദം ചെലുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനെതിരെ ബ്രൂക്ക് ലാന്റ് എസ്റ്റേറ്റ് ഉടമ ശ്രീ. ബാബു എബ്രഹാം 10.01.2012 ലും, നെല്ലിയാമ്പതിയിലെ ചെറുനെല്ലി പ്രദേശത്തെ 10 കർഷകർ ചേർന്ന് 20.1.2012-ലും ബഹു. നിയമസഭ പെറ്റീഷൻസ് കമ്മിറ്റി മുൻപാകെ നിവേദനം സമർപ്പിച്ചിട്ടുണ്ട്. പാട്ടഭൂമിയിലെ തോട്ടം സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും 1.10.2010 ലെ സ.ഉ. (എം. എസ്) 146/10 /തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് നടപ്പിലാക്കുവാനും, എസ്റ്റേറ്റ് ഏറ്റെടുക്കൽ നടപടികൾ നിർത്തിവയ്ക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് ബഹു. ഗവ. ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ്ജ് ബഹു. വനം വകുപ്പ് മന്ത്രിയ്ക്ക് 17.1.2012-ന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) എസ്റ്റേറ്റ് ഉടമകൾക്ക് അപ്പീൽ ഉണ്ടെങ്കിൽ അത് പരിശോധിക്കാൻ ട്രൈബ്യൂണൽ നിലവിലിരിക്കെ, ഗവൺമെന്റ് ചീഫ് വിപ്പ് അംഗമായിട്ടുള്ള ഒരു കമ്മിറ്റി നിയോഗിക്കപ്പെട്ടിട്ടുള്ളത് ശരിയാണോ; പ്രസ്തുത കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളത് സർക്കാരിന്റെ അറിവോടു കൂടിയാണോ; | (ബി) അപ്രകാരം ഒരു കമ്മിറ്റി സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടില്ല. |

........2

| | | | |
|---|---|---|---|
| (സി) | പാട്ടക്കരാർ ലംഘിച്ച തോട്ടമുട-മകൾക്കെതിരെയുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | പാട്ടക്കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദുചെയ്ത് തോട്ടം സർക്കാരിലേയ്ക്ക് ഏറ്റെടുക്കുക എന്ന നിലപാടാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. |
| (ഡി) | പ്രസ്തുത പ്രശ്നത്തിൽ വനം വകുപ്പ് മന്ത്രിയുടെ നിലപാടിനെതിരെ ഗവൺമെന്റ് ചീഫ് വിപ്പ് മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടോ; ചീഫ് വിപ്പിനെ സംബന്ധിച്ച് വനം വകുപ്പ് മന്ത്രി നൽകിയ പരാതിയിൽ എന്താണ് പറഞ്ഞിട്ടുള്ളത്; | (ഡി) & (ഇ) | എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനെതിരെ നെല്ലിയാമ്പതി പഞ്ചായത്തിലെ ചെറുനെല്ലി എസ്റ്റേറ്റിലെ ചെറുകിട കർഷകരായ 35 പേർ ഒപ്പിട്ടു നൽകിയ നിവേദനം ഗവൺമെന്റ് ചീഫ് വിപ്പ് അയച്ചുതരികയും, അത് അന്വേഷിച്ച് ഉചിതമായ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട് |
| (ഇ) | സഭയിൽ സത്യവിരുദ്ധമായി പറഞ്ഞ വനം വകുപ്പ് മന്ത്രിയുടെ പേരിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ചീഫ് വിപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ